ഉത്തരം

(എ) നാളിതുവരെ പൂർത്തീകരിച്ച പദ്ധതികളുടെ പട്ടിക അനുബന്ധമായി* ചേർക്കുന്നു.

(ബി) 23487 ദശലക്ഷം യൂണിറ്റ് (42.91 MW) അധികമായി ഉത്പാദിപ്പിച്ചു.

വൈദ്യുതി ചാർജ് കുടിശ്ശിക

60 (445) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ വൈദ്യുതി ചാർജ്ജ് ഇനത്തിൽ എത്ര തുക കുടിശ്ശികയുണ്ടായിരുന്നു എന്ന് അറിയിക്കുമോ ;

(ബി) കുടിശ്ശികയിനത്തിൽ എത്ര തുക പിരിച്ചെടുത്തിട്ടുണ്ട് എന്ന് അറിയിക്കുമോ ; ഇതിൽ ഗാർഹിക ഗാർഹികേതര ഉപഭോക്താക്കളുടെ കണക്ക് പട്ടിക തിരിച്ച് നൽകുമോ;

(സി) നിലവിൽ എത്ര തുക കുടിശ്ശികയിനത്തിൽ പിരിഞ്ഞുകിട്ടാനുണ്ടെന്നു വെളിപ്പെടുത്തുമോ;

(ഡി) വൻകിടക്കാരായ സ്ഥാപനങ്ങളിൽ നിന്ന് കുടിശ്ശികയിനത്തിൽ പിരിഞ്ഞ് കിട്ടാനുള്ള തുക പിരിച്ചെടുക്കുന്നതിന് ഈ ഗവൺമെന്റ് നടപ്പാക്കിയ കാര്യങ്ങൾ വിശദീകരിക്കുമോ?

ഉത്തരം

(എ) 30-6-2011-ലെ കണക്കുപ്രകാരം 1202.59 കോടി രൂപയാണ് വൈദ്യുതി ചാർജ്ജ് ഇനത്തിൽ ഉണ്ടായിരുന്നത്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 112805.65 ലക്ഷം രൂപയാണ് പിരിച്ചെടുത്തിട്ടുള്ളത്.

ഗാർഹികം - 36089.73 ലക്ഷം

ഗാർഹികേതരം - 76715.92 ലക്ഷം

(ഈ സർക്കാർ ചുമതലയേറ്റ സമയത്ത് നിലവിലുണ്ടായിരുന്ന കുടിശ്ശികയും പിന്നീട് കാലാകാലങ്ങളിൽ ഉണ്ടായ കുടിശ്ശികയും ഉൾപ്പെടെ)

(സി) വൈദ്യുതി ചാർജ്ജ് കുടിശ്ശികയുടെ ത്രൈമാസ കണക്കുപ്രകാരം 30-9-2015-ൽ ആകെ 1964.12 കോടി രൂപയാണ് കുടിശ്ശികയിനത്തിൽ പിരിഞ്ഞു കിട്ടാനുള്ളത്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) സപ്ലൈ കോഡ് 2014-ൽ പരാമർശിച്ചിട്ടുള്ള സമയപരിധി അനുസരിച്ച് കുടിശ്ശിക വരുത്തുന്ന ഉപഭോക്താക്കളുടെ വൈദ്യുതി കണക്ഷൻ വിച്ഛേദിക്കൽ, അഴിച്ചുമാറ്റൽ തുടങ്ങിയ നടപടികൾ സ്വീകരിച്ചുവരുന്നു. കുടിശ്ശിക ഈടാക്കുന്നതിനായി റവന്യൂ റിക്കവറി നടപടികളും സ്വീകരിക്കുന്നുണ്ട്. ദീർഘകാല കുടിശ്ശികയുള്ള ഉപഭോക്താക്കളിൽനിന്നും ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി വഴി കുടിശ്ശിക ഈടാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.

വൈദ്യുതി ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനായുള്ള പദ്ധതികൾ

61 (446) ശ്രീ. ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ വൈദ്യുതി ഉൽപാദനം വർദ്ധിപ്പിക്കുന്നതിന് ഓരോ വർഷവും എന്ത് തുക വീതമാണ് ബജറ്റിൽ വകയിരുത്തിയിരുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) ഓരോ വർഷവും ഏതെല്ലാം പദ്ധതികളാണ് പ്രാവർത്തികമാക്കാൻ ഉദ്ദേശിച്ചിരുന്നത്;

(സി) ഇതിൽ ഒരോ പദ്ധതി മുഖേനയും എത്ര മെഗാവാട്ട് ഉൽപാദനം വർദ്ധിപ്പിക്കാനാണ് ലക്ഷ്യമിട്ടിരുന്നത്;

(ഡി) ഓരോ പദ്ധതിയിലും ഓരോ വർഷവും ഉദ്ദേശിച്ച രീതിയിൽ ഉൽപാദന വർദ്ധന കൈവരിക്കാൻ സാധിച്ചിട്ടുണ്ടോ;

(ഇ) ഈ സർക്കാരിന്റെ കാലയളവിൽ ഓരോ പദ്ധതിക്കും ചെലവഴിച്ച തുകയെത്രയാണെന്നും അതുവഴി ലക്ഷ്യമിട്ട വൈദ്യുതി ഉൽപാദനം സാദ്ധ്യമായില്ലെങ്കിൽ അതിനുള്ള കാരണം എന്താണെന്നും വിശദമാക്കാമോ?

ഉത്തരം

(എ) കെ.എസ്.ഇ.ബി.എൽ.-ന്റെ ബഡ്ജറ്റിൽ വകയിരുത്തിയിരുന്ന തുക താഴെ കൊടുത്തിരിക്കുന്നു:

2011-12	383.67 കോടി
2012-13	274.27 കോടി
2013-14	256.48 കോടി
2014-15	338.85 കോടി
2015-16	383.3 കോടി

(ബി) ഓരോ വർഷവും പ്രാവർത്തികമാക്കാൻ ഉദ്ദേശിച്ചിരുന്ന പദ്ധതികളുടെ പട്ടിക അനുബന്ധമായി* നൽകിയിരിക്കുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly